**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4267** **09-08-2021 - ൽ മറുപടിയ്ക്ക്**

**കൂടുതൽ തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷികേതര മേഖലയിൽ കൂടുതൽ വിദഗ്ധ/അവിദഗ്ധ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വഴി നടപ്പിലാക്കി വരുന്ന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി വഴി അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം, കരിയർ ഡവലപ്പ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ എന്നിവ വഴി കരിയർ സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകി വരുന്നു. ഇതിനു പുറമെ കാർഷികേതര മേഖലയിലെ കൂടുതൽ വിദഗ്ദ്ധ/അവിദഗ്ദ്ധ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ എന്നിവ മുഖേന ജോബ് ഫെയറുകളും, പ്ലേസ്മെന്റ് ഡ്രൈവുകളും, മേഖലാടിസ്ഥാനത്തിൽ നിയുക്തി ജോബ് ഫെയറുകളും സംഘടിപ്പിച്ച് വരുന്നു. സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.കൾ ഉത്പാദന വിതരണ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ഐ.ടി.ഐ. ട്രെയിനികളുടെ നൈപുണ്യ ശേഷി, തൊഴിൽ സാധ്യത എന്നിവ വർദ്ധിപ്പിക്കാൻ വിവിധ ഐ.ടി.ഐ.കളിൽ പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ